"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജനകീയ ഹോട്ടലുകൾക്ക് കെട്ടിടവാടക നിർണ്ണയിച്ച നൽകുന്നതിനായി പി.ഡബ്ല്യ.ഡി നിരക്കിന്റെ ആവശ്യകത ഒഴിവാക്കി പകരം തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയ പ്രകാരം വാടക നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2756/2022/LSGD തീയതി,തിരുവനന്തപുരം, 09-11-2022

---

പരാമർശം:-

1. സ.ഉ(സാധാ) നം.1567/2021/തസ്വഭവ തീയതി 13.08.2021
2. പഞ്ചായത്ത് ഡയറക്ടറുടെ 03.01.2022 തീയതിയിലെ PAN/16794/2021-J6(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ വാടക അനുവദിക്കുന്ന വിഷയത്തിൽ പി.ഡബ്ല്യ.ഡി. നിശ്ചയിക്കുന്ന നിരക്കിന്റെ 50% വരെ അധികവാടക അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മേൽ ഉത്തരവ് പ്രകാരം കുടുംബശ്രീ ജനകീയ ഹോട്ടൽ വാടക നൽകുന്നതിന് പി.ഡബ്ല്യ.ഡി നിരക്ക് നിശ്ചയിച്ച കിട്ടേണ്ടതായിട്ടുണ്ട്. കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് നിരക്ക് നിശ്ചയിക്കൽ ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചുവെങ്കിലും പി.ഡബ്ല്യ.ഡി നിരക്ക് നിശ്ചയിച്ച കിട്ടാത്തതിനാൽ വാടക നൽകുവാൻ സാധിച്ചിരുന്നില്ലായെന്നും, നിലവിൽ ഗ്രാമകേന്ദ്രങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർമാരുടെ മൂല്യനിർണ്ണയ പ്രകാരമാണെന്നും അതുകൊണ്ട തന്നെ മേൽ പ്രകാരം കുടുംബശ്രീ ജനകീയ ഹോട്ടലുകളുടെ വാടക നിശ്ചയിക്കുന്നതിന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അനുമതി നല്കണമെന്നുമുള്ള ആവശ്യം അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2)ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്ക് കെട്ടിടവാടക നിർണ്ണയിച്ച നൽകുന്നതിനായി പി.ഡബ്ല്യ.ഡി നിരക്കിന്റെ ആവശ്യകത ഒഴിവാക്കി പകരം തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എൻജിനീയറുടെ മൂല്യ നിർണ്ണയ പ്രകാരം വാടക നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സ.ഉ.(സാധാ) നം.2756/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധന വകുപ്പ് (1984314/DEV-3/18/22-FIN പ്രകാരം)
പൊതുമരാമത്ത് വകുപ്പ്(ഇ2/68/2022/പൊ.മ.വ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(IA1/326/2021/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 10-11-2022 10:47:30**
സെക്ഷൻ ഓഫീസർ